LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

159 (848) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി നെന്മാറ നിയോജക മണ്ഡലത്തിലെ എത്ര കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലേക്ക് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതെല്ലാം പഞ്ചായത്തുകളിലാണ് വിനിയോഗിച്ചത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഒന്നും നടപ്പാക്കിയിട്ടില്ല.

(ബി) കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 101.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാഗലശ്ശേരി, കൊപ്പം, അകത്തേതറ, കപ്പൂർ, കുമരനല്ലൂർ പഞ്ചായത്തുകളിലും പാലക്കാട് മുനിസിപ്പാലിറ്റിയിലുമാണ് തുക വിനിയോഗിച്ചത്.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

160 (849) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര കുളങ്ങൾ നവീകരിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ആയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓരോ കുളത്തിനും എത്ര തുക വീതം ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?